# കൈയും ഹൃദയവും

സദ്കാര്യങ്ങൾ ചെയ്യുന്ന കൈയോടൊപ്പം ഹൃദയവും സഹകരിക്കണം. ഹൃദയം സഹകരിക്കാതെയുള്ള ശരീരത്തിന്റെ പുണ്യകർമങ്ങൾക്ക് ഫലപ്രാപ്തിയുണ്ടാകില്ല.

മനസ്സാണെല്ലാറ്റിന്റെ കേന്ദ്രസ്ഥാനം. കാപട്യമെന്നും ആത്മാർഥമെന്നും കർമവും സമീപനവും പെരുമാറ്റവും വിലയിരുത്തപ്പെടുന്നത് ഹൃദയസാന്നിധ്യത്തിനനുസരിച്ചാകുന്നു. മനുഷ്യരുമായുള്ള ഇടപാടുകളിൽ ഹൃദയബന്ധങ്ങൾക്കാണ് സ്ഥാനം. ശത്രുവും മിത്രവും വകതിരിക്കപ്പെടുന്നതിലും ഹൃദയത്തിന്റെ സ്ഥാനം വലുതാണ്.

മറ്റുള്ളവരോട് മനസ്സ് തുറക്കൽ പെരുമാറ്റത്തിന്റെയും ഇടപാടിന്റെയും പൂർത്തീകരണത്തിന് അനിവാര്യമാണ്.

താഴെ കിടയിലുള്ളവർ ഉന്നതരോട് മനസ്സു തുറക്കുന്നതിനെക്കാൾ ഉന്നതിയിലുള്ളവരും അധികാരത്തിലിരിക്കുന്നവരും താഴേക്കിടയിലുള്ളവരോട് മനസ്സ് തുറക്കൽ സാമൂഹിക നീതിക്ക് അനിവാര്യമാകുന്നു.

അടഞ്ഞ മനസ്സുകളെ അവരുടെ മുഖം പ്രതിഫലിപ്പിക്കും. അവർ പുഞ്ചിരികൊണ്ട് എത്ര തന്നെ മുഖം മറച്ചാലും കാര്യമില്ല.

ഹൃദയത്തിന് ഒരു ഭാഷ മാത്രമാണ് ദൈവം നിശ്ചയിച്ചത്. സ്നേഹമത്രെ അത്. അതിൽനിന്നാണ് ആത്മാർഥതയും അനുകമ്പയും മറ്റു ഉന്നതവികാരങ്ങളും ഉണ്ടാകുന്നത്. മനുഷ്യൻ അതിനെ മറികടന്നെത്തുന്നത് പൈശാചിക വികാരങ്ങളിലാകുന്നു. അവിടെ കോപത്തിന്റെയും എടുത്തുചാട്ടത്തിന്റെയും മറ്റു വൈകാരികവിക്ഷോഭങ്ങളുടെയുമൊക്കെ രംഗം സൃഷ്ടിക്കപ്പെടുന്നു.

ഹൃദയത്തിനു മുമ്പിൽ ജാതിയോ വർണമോ വിഭാഗീയതയോ പാർട്ടിയോ രാജ്യമോ ഇല്ല. അതിനു മുമ്പിൽ മനുഷ്യൻ മാത്രമാണുള്ളത്. എല്ലാം സഹോദരന്മാർ. അതേയവസരം, കക്ഷികളും വിഭാഗങ്ങളും ബന്ധങ്ങൾക്കിടയിൽ കടന്നുവരുന്നതോടെ ഹൃദയം വികാരങ്ങൾക്ക് വിധേയമാകുന്നു. അത് ചിലപ്പോൾ അടയുന്നു. മൃഗീയാന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. അവിടെ സഹോദരനും അയൽവാസിയും എല്ലാം തുല്യം. എത്രമാത്രം പൈശാചികമാണത്. അത്തരക്കാർ എന്തെങ്കിലും സമ്മർദ്ദങ്ങൾക്ക് വഴങ്ങി മറ്റുള്ളവരോട് ചിലപ്പോൾ പുഞ്ചിരിച്ചെന്നു വരാം. അവരുടെ നേരെകൈകൾ തുറന്നെന്നുവരാം. പക്ഷേ, അത് മാനുഷികതയുടെ ഉന്നത വികാരം ഉണ്ടാകണമെന്നില്ല.

പുഞ്ചിരിച്ചോളൂ, കൈകൾ നീട്ടിപ്പിടിച്ചോളൂ, പക്ഷേ, ഹൃദയം അതിനോട് സഹകരിക്കുക തന്നെ വേണം.

മറച്ചുപിടിച്ച ഹൃദയം ചെയ്യുന്ന കർമ്മങ്ങൾ കളങ്കമുള്ളതായിരിക്കും. അത് ബന്ധങ്ങൾക്കിടയിൽ പ്രയാസങ്ങളുണ്ടാക്കുകയും ചെയ്യും. ഈ കുഴപ്പം വ്യക്തികൾ തമ്മിലുള്ളതിനേക്കാൾ കൂടുതൽ സംഘടനകൾ തമ്മിലാകുന്നു. അതാണ് സമൂഹത്തിൽ വ്യക്തികളെ കുഴപ്പമുണ്ടാക്കുന്നതിലേക്ക് വലിച്ചിഴക്കുന്നത്. ലക്ഷ്യവും മാർഗവും വിസ്മരിക്കുമ്പോഴുള്ള പ്രതിസന്ധിയാണത്.

വ്യക്തിയോടായാലും സമൂഹത്തോടായാലും ഏത് ഘട്ടങ്ങളിലും നീതിയും സമഭാവനയും പുലർത്തുകയെന്നതാണ് ഹൃദയവിശാലതയും മാനുഷികതയും. അതാണ് ഭരണാധികാരിയുടെയും ഭരണീയരുടെയും നീതന്റെയും നേതാവിന്റെയുമൊക്കെ ബാധ്യത. പരസ്പര ബന്ധങ്ങൾക്കുള്ള രീതിശാസ്ത്രമാണത്. ഇത് വിട്ടുകടക്കുന്നതാണ് സമൂഹത്തിന്റെ ആഭ്യന്തര സംതുലനം അവതാളത്തിലാക്കുന്നതും അവകാശനിഷേധങ്ങൾക്ക് വഴി വെക്കുന്നതുമൊക്കെ.

സ്വന്തം ഹൃദയവും മനസ്സും കൊണ്ട് ജീവിക്കുന്നത് അവനവൻ തന്നെയാണ്. പക്ഷേ, അതിന്റെ വികാരം അനുഭവിക്കേണ്ടത് മറ്റുള്ളവരാകുന്നു. അതിനനുസരിച്ചാണ് ഏത് സംരംഭവവും വിലയിരുത്തപ്പെടുക. അവിടെ നാവുകൾക്കല്ല വില, ഹൃദയം തുറന്ന സമീപനങ്ങൾക്കാകുന്നു. കൈ നന്നായതുകൊണ്ട് കാര്യമില്ല. അതിനെ പിന്താങ്ങുന്ന വിശാലഹൃദയവും കൂടി നമുക്കുണ്ടാകണം. അപ്പോൾ മാത്രമേ മറുപക്ഷത്തിന്റെ മനസ്സും സന്തോഷിക്കുകയുള്ളു.